# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8) 1650/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8) 1650/2023 തീയ്യതി: 14/11/2023

## തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 13-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 13-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഓമന കെ പി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ സിജു പി ഡാംസൺ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീമതി ബിന്ദു സി വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ധന്യ ദിലീപ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സീമ കെ നായർ . എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മധുരാജ് കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയ്സൺ പി.എ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| സിമി വി.യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രാധിക സി.ബി | വി ഇ ഒ (കാറളം സർക്കിൾ) | 01-04-2022 | 27-07-2022 |
| ബാബു ഇ.എസ് | വി ഇ ഒ (മനവലശ്ശേരി സർക്കിൾ) | 28-07-2022 | 28-08-2022 |
| ഐശ്വര്യ ടി.ബി | വി ഇ ഒ (കാറളം സർക്കിൾ) | 29-08-2022 | 31-03-2023 |
| ബാബു ഇ.എസ് | വി ഇ ഒ (മനവലശ്ശേരി സർക്കിൾ) | 01-04-2022 | 31-03-2023 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 24-09-2022 |
| ഡോ.ജോൺസൺ കെ.എൽ | വെറ്ററിനറി സർജ്ജൻ | 25-09-2022 | 31-03-2023 |
| ഡോ.ഗ്രീഷ്മ.വി.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അജിത എം.എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 30-06-2022 |
| ഡോ.ജീവൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-07-2022 | 18-03-2023 |
| ഡോ.സ്മിത രവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 19-03-2023 | 31-03-2023 |
| ഷമീന.പി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| ഐശ്വര്യ ഫ്രാൻസിസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഡോ.ഷിജ്ഞ ടി.വൈ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| വൽസല കെ | കൃഷി ഓഫീസർ | 01-04-2022 | 17-10-2022 |
| ആൻസി യു.എ | കൃഷി ഓഫീസർ | 18-10-2022 | 31-03-2023 |
| അനില ടി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ജിബിന എം.എം | ഫിഷറീസ് ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാലാവധി കഴിഞ്ഞ ചെക്ക്-ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | വസ്തു നികുതി-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-5 |
| 7 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-6 |
| 8 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ആസ്തി വാങ്ങിയ ചെലവുകൾ തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | Capital Work In Progress-പാർട്ട് ബിൽ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-12 |
| 14 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷ**ൻ** രേഖപെടുത്തിയിട്ടില്ല | 1-1-14 |
| 16 | പഞ്ചായത്തിന്റെ ഭൂമി ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-15 |
| 17 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-16 |
| 18 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബാധ്യത ബാല**ൻ**സ് ഷീറ്റി**ൽ** (ബി-4 ൽ) ഉ**ൾ**പ്പെടുത്തിയിട്ടില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-5 |

| | | |
|---|---|---|
| 24 | ക്ഷേമപദ്ധതികൾ | 1-6 |
| 25 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | തനത് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത-അവലോകനം | 1-9 |
| 28 | തൊഴിൽനികുതി ഈടാക്കിയില്ല | 1-10 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 30 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 31 | ലേലം-തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 32 | കരുവന്നൂർ പുഴയിലെ മണൽ നീക്കം (Desiltation) സംബന്ധിച്ച ലേല വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-14 |
| 33 | വൈദ്യുതിചാർജ്ജ് കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-15 |
| 34 | സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർചാർജ്ജ് കൂടുതൽ അടവാക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കേണ്ടതാണ് | 1-16 |
| 35 | സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല | 1-17 |
| 36 | മത്സ്യതൊഴിലാളികൾക്ക് വല ലഭ്യമാക്കൽ-രേഖകൾ ഹാജരാക്കേണ്ടതാണ് | 1-18 |
| 37 | മുറ്റത്തൊരു മീൻകുളം-പ്രോജക്റ്റിലെ അപാകങ്ങൾ | 1-19 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കി-1,53,764 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-20 |
| 39 | കുടുംബശ്രീ ഹെൽപ് ഡെസ്ക്-കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഹെൽപ് ഡെസ്കിന് കൈമാറിയിട്ടില്ല | 1-21 |
| 40 | കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിലിനായി എൽഇഡി ബൾബ് നിർമ്മാണ യൂണിറ്റ്-നിലവിൽ പ്രവർത്തിക്കുന്നില്ല 269727 രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 41 | മാലിന്യം കൊണ്ടുപോകുന്നതിനുള്ള വാഹനം വാങ്ങൽ-വാഹനം ഹരിതകർമ്മ സേനയ്ക്ക് കൈമാറിയിട്ടില്ല | 1-23 |
| 42 | കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ-കരാർ കാലാവധിയായ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-8,60,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-24 |
| 43 | എസ്.എസ്.കെ-കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 1-25 |
| 44 | ഹോംകോ-മരുന്നിന് മുൻകൂർ-മുഴുവൻ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-26 |
| 45 | കൃഷിഭവനിലേക്ക് വാങ്ങിയ ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ പ്രവർത്തനയോഗ്യമാക്കിയിട്ടില്ല | 1-27 |
| 46 | കെ.എം.എസ്.സി.എൽ ന് തുക കൈമാറി-മരുന്നുകൾ പൂർണമായും | 1-28 |

| | | |
|---|---|---|
| | ലഭ്യമായില്ല | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിരനിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കാറളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.07.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാറളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 14.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 6/8.9.2023)

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1606746 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 540729 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 കാലാവധി കഴിഞ്ഞ ചെക്ക്-ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്ക് " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 504634 | 31.03.22 | 385 |

### 1-1-4 വസ്തു നികുതി-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. റെസിഡൻഷ്യൽ-തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 2573747 | 2575367 | 15996 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2573747 | 2557919 | 16864 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം) |

| | | | | |
|---|---|---|---|---|
| | | | ലെഡ്ജർ) | |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റ് ഒന്ന് തന്നെയാണ്. എന്നാൽ കളക്ഷനും മുൻകൂർ ക്രമീകരിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നിട്ടും ബാലൻസ് ഒരുപോലെ പൂജ്യം ആയിരിക്കുന്നു.

2. നോൺ-റെസിഡൻഷ്യൽ-തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1387796 | 1256559 | 35759 | 97956 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1387796 | 1254120 | 30788(4378/- 350410101- Advance Collection- ഇതിൽ നിന്നാണ് ക്രമീകരിച്ചത്) | 97956 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104- Advance Collection-PT On NR Bldg- ന്റെ ലെഡ്ജർ) | *(102854 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റ് ഒന്ന് തന്നെയാണ്. എന്നാൽ കളക്ഷനും മുൻകൂർ ക്രമീകരിച്ചതും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നിട്ടും ബാലൻസ് ഒരുപോലെ 97956 ആയിരിക്കുന്നു.

3. റെസിഡൻഷ്യൽ-കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 1074 | 1076 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 1076 | 0 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റിൽ വ്യത്യാസം ഉണ്ട്. എന്നാൽ കളക്ഷനും നീക്കിയിരിപ്പും ഒരുപോലെ ആയിരിക്കുന്നു.

4. നോൺ-റെസിഡൻഷ്യൽ-കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 547388 | 106588 | 440802 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | 106588<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 440802<br>**462843/105x100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരവും വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരവും ഡിമാന്റിൽ വ്യത്യാസം ഉണ്ട്. എന്നാൽ കളക്ഷനും നീക്കിയിരിപ്പും ഒരുപോലെ ആയിരിക്കുന്നു.

## 1-1-5 ലൈബ്രറി സെസ്സ്-വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

ലൈബ്രറി സെസ്സ് (തൻവർഷം+കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 130986 | 56 | 131042 | 129948 | 54 | 130002 | 1537 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 69837 | 27372 | 97209 | 63103 | 5329 | 68432 | 1892 | | 4898 | 22041 | 26939 |
| | ആകെ | | | 228251 | | | 198434 | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 228249 | | | 198436 | | | | 201310 | (-)26939 | | |
| | | 0+228249 = (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2022-23) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt. Cess/ Levies...... ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 198436 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 198434 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 201310 രൂപയാണ്.

## 1-1-6 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | സഞ്ചയ സോഫ്റ്റ്‌വെയർ |
|---|---|---|---|

| | | പ്രകാരമുള്ള തുകകൾ | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 17445 | 146046 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2439 | 75045 |

## 1-1-7 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ 173 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 14.2.23, 31.3.23 തിയ്യതികളിലായി രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-8 ആസ്തി വാങ്ങിയ ചെലവുകൾ തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം | ഓഡിറ്റ് അഭിപ്രായം |
|---|---|---|---|---|---|
| 55-പകൽ വീടിന് ഉപകരണം | 42201161 | 24/12/22 | 35000 | 251150205-Welfare Of The Aged-Programmes For The | പഞ്ചായത്തിന്റെ പകൽ വീട്ടിലേയ്ക്ക് വാങ്ങിയ ഫർണിച്ചർ തെറ്റായി റവന്യൂ ചെലവായി ബുക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തു |
| 153- പകൽ വീടിന് ടി വി, ഫാൻ | 42201162 | 24/12/22 | 25000 | Welfare Of Geriatrics | പഞ്ചായത്തിന്റെ പകൽ വീട്ടിലേയ്ക്ക് വാങ്ങിയ ടിവി,ഫാൻ എന്നിവ തെറ്റായി റവന്യൂ ചെലവായി ബുക്ക് ചെയ്തു |
| 131- കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ | 42201213 | 30/01/23 | 8,69,000 | 413150201-Solar Power Generation-Establishment Of Plant | പി.എച്ച്.സി കെട്ടിട സമുച്ചയത്തിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, കരാർ ഇൻവോയ്സ് എന്നിവ പ്രകാരം ANERT ജില്ലാ എഞ്ചിനിയർക്ക് നല്കിയ തുക. അഡ്വാൻസ് നൽകിയപ്പോൾ തന്നെ ആസ്തിയായി ബുക്ക് ചെയ്തു. |

1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-10 Capital Work In Progress-പാർട്ട് ബിൽ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല

31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 578886 രൂപയാണ്. ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വയോജന പാർക്ക് എന്ന പ്രോജക്ടിന്റെ (106/23) 159244 രൂപയുടെ പാർട്ട് ബിൽ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

1-1-11 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18), (ഐ-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 543839 |
| 290800601-Prior Period Expenses-Revenue Grants And Contributions | 8961 |

| | |
|---|---|
| 290800701-Prior Period Expenses- Miscellaneous Expenses | (5050) |

### 1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-13 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
6. ലൈബ്രറി രജിസ്റ്റർ
7. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

### 1-1-14 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-15 പഞ്ചായത്തിന്റെ ഭൂമി ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ ആസ്തിയായി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് ഉൾപ്പെടെയുള്ള ഭൂമി ഒന്നും വന്നിട്ടില്ല. അങ്കണവാടിയുടെ ഭൂമി മാത്രമേ ആസ്തിയിൽ ചേർത്തിട്ടുള്ളു.

### 1-1-16 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

1. 2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6214233/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ

ഹാജരാക്കിയിട്ടില്ല.

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-17 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | Joint Venture (Capital)-Block Panchayat | 9495 | 450210201 | JOINT VENTURE OLD-799011400001310 | 0 |
| 2 | 320700105 | Joint Venture (Capital)-District Panchayat | 15320 | | | |
| 3. | 320700204 | Joint Venture (Revenue)-Block Panchayat | 1195800 | | | |
| 4 | 320700205 | Joint Venture (Revenue)-District Panchayat | 447007 | | | |
| 5 | 320900102 | Donations Related To Pandemic/Epidemic Control | 41320 | 450210101 | Disaster Relief Fund-SBI 40183993613 | 40820 |

## 1-1-18 ബാധ്യത ബാലൻസ് ഷീറ്റിൽ (ബി-4 ൽ) ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | SBI-10569011160 | 19507/- |

## 1-2 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 14-03-2022, (2) | |
|---|---|---|
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 148525600/- | 150238940/- |

| | | |
|---|---|---|
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 6-03-2023, 3(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 162964273/- | 165226321/- |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 14467000 | 14467000 | 13064531 | 1402469* |
| വികസന ഫണ്ട്- എസ്.സി.പി | 0 | 8321000 | 8321000 | 7479844 | 841156* |
| മെയിന്റനൻസ്, റോഡ് | 0 | 8857000 | 8857000 | 7615687 | 1241313* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 4570000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് -ടൈഡ്) | 2378169 | 3773000 | 6151169 | 4026047 | 2125122 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | ഇല്ല | 458982 | 458982 | 426456 | 32526* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – അടിസ്ഥാന ഗ്രാന്റ്) | 458313 | 2686509 (പലിശ 170509 ഉൾപ്പെടെ) | 3144822 | 2187509 | 957313 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | ഇല്ല | 108854 | 108854 | 75273 | 33581* |
| Rural Housing- Housing For All | 0 | 1000000 | 1000000 | 100000 | 900000 |
| Total Sanitation Campaign | 25000 | 0 | 25000 | 0 | 25000 |
| Vimukthi Grant | 21848 | 0 | 21848 | 0 | 21848 |
| Integrated Child Developement | 397986 | 1061702 | 1459688 | 233387 | 1226301 |

| | | | | | |
|---|---|---|---|---|---|
| Scheme | | | | | |
| Literacy Scheme Grant | 8309 | 227 | 8536 | 0 | 8536 |
| Grant From Suchitwa Mission | 607291 | 0 | 607291 | 150000 | 457291 |
| BEST PANCHAYATH AWARD FROM STATE GOVERNMENT-DISTRICT LEVEL | 51133 | 0 | 51133 | 0 | 51133 |
| Health Grant Towards Support For Diagnostic InfraStructure To The PHCs | 0 | 239635 | 239635 | 61938 | 177697 |
| Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 0 | 111570 | 111570 | 0 | 111570 |
| Local Area Development Fund For Members Of Legislative Assembly | 17801 | 0 | 17801 | 0 | 17801 |
| Grants, Funds & Contributions For Specific Purposes - Other Purposes | 564890 | 0 | 564890 | 0 | 564890 |
| Grants, Funds & Contributions For Specific Purposes - Total Sanitation | 214356 | 48000 | 262356 | 48000 | 214356 |
| Grants, Funds & Contributions For Specific Purposes - Other Government Agencies | 18326 | 1187526 | 1205852 | 1187526 | 18326 |
| Other Grants, Funds & Contributions For Specific Purposes - | 27854 | 0 | 27854 | 0 | 27854 |

| Capital | | | | | |
|---|---|---|---|---|---|

1) വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് തുകയിൽഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3) ദീർഘകാലമായി വിനിയോഗിക്കാത്ത ഫണ്ടുകൾ തിരിച്ചടക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പിലാക്കിയ പദ്ധതി ചെലവ് തുക | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 155 | 73665508 | 134 | 43850223 | 59.52 | 86.45 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1025950 | 1025950 | 1025950 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7742578 | 7742578 | 7742578 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 2200734 | 2200734 | 2200734 | 0 |
| ആകെ | 0 | 10969262 | 10969262 | 10969262 | 0 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർകതൊഴിലാളി പെൻഷൻ | 3847200 | 407 |
| വിധവാപെൻഷൻ | 10469000 | 969 |
| വാർദ്ധക്യകാലപെൻഷൻ | 25714300 | 2508 |
| വികലാംഗപെൻഷൻ | 2826000 | 265 |
| 50 വയസ്സിനമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 850200 | 85 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-09-2023 തീയതിയിൽ 3:45 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4566/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തനത് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത-അവലോകനം

1.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 2022 ഒക്ടോബർ, നവംബർ, ഫെബ്രുവരി മാസങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ് നടത്തുകയും കുടുംബശ്രീ സഹകരണത്തോടെ എല്ലാ വീടുകളിലേക്കും നോട്ടീസ് എത്തിക്കുകയും നവമാധ്യമ കൂട്ടായ്മകളിലൂടെ നികുതി സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 ബജറ്റ് പ്രകാരം | 2022-23 | വർദ്ധനവ് (%) | |
|---|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2488467 | 5200000 | 2573747 | 3.42 | 173 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ്സ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1097734 | | 1387796 | 26.42 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ & ട്രേഡേഴ്സ് | 232690 | 1400000 | 266230 | 14.4 | |
| തൊഴിൽ നികുതി - ജീവനക്കാർ | 881070 | | 947730 | 7.56 | |
| വാടക | 600 | 600 | 600 | 0 | |
| വിനോദനികുതി | 42598 | 100000 | 387830 | 810 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോയെന്ന പരിശോധന സ്ഥാപനത്തിനോ ഓഡിറ്റിനോ കഴിയുന്നില്ല.

2. വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 5% വർദ്ധനവ് സോഫ്റ്റ്‌വെയറിൽ വന്നിട്ടുണ്ട്. ഭരണസമിതിയുടെ 31.5.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം പുതിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്ത് പൊതു ജനങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ സ്വീകരിക്കുകയും 7.8.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഐ.കെ.എം സോഫ്റ്റ്‌വെയറിൽ ക്രമീകരണം ആകാത്തതിനാൽ പുതിയ നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതും റോഡ് മാപ്പ് തയ്യാറാക്കിയിട്ടുള്ളതും അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലാണ്. അനധികൃത കെട്ടിടങ്ങൾ

സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയും കൃത്യമായി നികുതി ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച സർക്കുലർ നം. RD3/94/2020/ത.സ്വ.ഭ.വ തീയതി 02.02.2022 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്.

3.സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തിയിട്ടില്ല. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

4.തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ മാസ്റ്റർ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാവർക്കും നോട്ടീസ് നല്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി മാസാന്ത്യം സാക്ഷ്യപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, എന്നിവ പഞ്ചായത്തിൽ നിലവിലില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജെ.കെ.സിനിമാസിൽ നിന്നും വിനോദനികുതി ഈടാക്കി വരുന്നുണ്ട്.

6.വാടക

വാടകയ്ക്ക് നല്കുന്ന ഒരു കെട്ടിടമുറി മാത്രമേ പഞ്ചായത്തിൽ ഉള്ളൂ. 2015-16 മുതൽ പ്രതിമാസം 50 രൂപയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ നിന്നും ഈടാക്കി വരുന്നത്. വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 തൊഴിൽനികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

1) 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.14/12.9.2023). കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ |
|---|---|
| 1 | ഇസ്മായിൽ കെ. കെ |

| | |
|---|---|
| 2 | ബിജു ടോം |
| 3 | സന്തോഷ് ടി. സി |
| 4 | ബിജീഷ് എൻ. സി |
| 5 | കെ. ആർ. ജയകുമാർ |
| 6 | അശോകൻ ഒ. പി |
| 7 | ഡേവിസ് എൻ. പി |
| 8 | ബിജു കെ. സി |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 റേഷൻ കടകൾ, 7 കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി (സ്ഥാപനം/ജീവനക്കാർ) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത്, അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.14/12.9.2023).

1) കേരള വാട്ടർ അതോറിറ്റി (1, 2 അർദ്ധവർഷം)

2) 110 KV സബ്സ്റ്റേഷൻ (1, 2 അർദ്ധവർഷം)

3) സ്റ്റാർ പോളിമേഴ്സ്, വെള്ളാനി (1, 2 അർദ്ധവർഷം)

4) കെ.എസ്.ഇ.ബി കാട്ടൂർ സെക്ഷൻ, താണിശ്ശേരി (1, 2 അർദ്ധവർഷം)

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം, പഞ്ചായത്തിൽ താഴെ കൊടുത്തിരിക്കുന്ന ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1) കാറളം ക്ഷീര സഹകരണ സംഘം (R-35 D)

2) പുല്ലത്തറ ക്ഷീര സഹകരണ സംഘം (R-286 D)

3) താണിശ്ശേരി ക്ഷീര സഹകരണ സംഘം (R-187 D)

2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടില്ല.

2. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3(1) പ്രകാരം, താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ച് കൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ്

ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്.

1) കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ

2) ആട് ഫാം : ഇരുപത് മൃഗങ്ങൾ

3) പന്നി ഫാം : അഞ്ച് മൃഗങ്ങൾ

4) മുയൽ ഫാം : ഇരിപത്തിയഞ്ച് മൃഗങ്ങൾ

5) പൗൾട്രി ഫാം : നൂറ് പക്ഷികൾ

സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല. കാറളം ഗ്രാമപഞ്ചായത്ത് ഡയറി എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിലെ ക്ഷീര സഹകരണസംഘങ്ങളിൽ പാൽ നൽകി പരമാവധി സബ്സിഡി തുകയായ 40000 രൂപ 2022-23 വർഷത്തിൽ ലഭിച്ച കർഷകരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) പത്മനാഭൻ എം. എൻ

2) ഡാലി ജോസ് ചെമ്പകശ്ശേരി

3) അനിൽകുമാർ മണലി

2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് ഫാം നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ല.

3. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന കള്ളുഷാപ്പുകൾക്ക്, ടി സാമ്പത്തികവർഷം ലൈസൻസ് അനുവദിച്ചിട്ടില്ല.

1) G 16-നന്തി (വെള്ളാനി)

2) G 16-കീഴ്ത്താണി

3) G 16-താണിശ്ശേരി

4) G 16-കാവുപുര

5) പുല്ലത്തറ കള്ളുഷാപ്പ്

6) തലയിണക്കുന്ന് കള്ളുഷാപ്പ്

7) കാറളം കള്ളുഷാപ്പ്

4. 2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. ലൈസൻസ് ഇല്ലാതെ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും അത്തരം സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 11/12.09.23)

## 1-13 ലേലം-തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

1) കുട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് പരിസരത്തെ ഗ്രിൽ, പട്ടന്റെ കുന്ന് കോളനിയിലെ PVC വാട്ടർ ടാങ്ക് എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണയം നടത്തുകയും (ഗ്രിൽ മൂല്യനിർണ്ണയ തുക-11264 രൂപ, PVC വാട്ടർ ടാങ്ക്

മൂല്യനിർണയ തുക-11190 രൂപ) ആയത് അംഗീകരിച്ച് ലേലം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു (13.12.2022 ലെ 7(1) നമ്പർ തീരുമാനം). എന്നാൽ ലേലം ഫയൽ പരിശോധനയിൽ പ്രസ്തുത ലേലങ്ങൾ നടന്നതിന്റെ വിവരങ്ങൾ ലഭ്യമായില്ല. ലേലവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലേലം നടന്നിട്ടില്ല എന്നമറുപടിയാണ് ലഭ്യമായത് (ഓഡിറ്റ് അന്വേഷണം നം. 8 /11.9.2023). ഗ്രിൽ, വാട്ടർ ടാങ്ക് എന്നിവയുടെ ലേലം നടത്തി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) 128-ാം നമ്പർ അങ്കണവാടിയിൽ പുതിയ കിണർ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത മണ്ണ് 1550 രൂപയ്ക്ക് ലേലം ചെയ്യുകയും എന്നാൽ കിണർ കുഴിച്ചെടുത്ത മണ്ണ് നിക്ഷേപിച്ചിരിക്കുന്ന അങ്കണവാടിയിലേക്ക് വാഹനം കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ലേലം കൊണ്ടയാൾ ലേലത്തിൽ നിന്നും പിന്മാറുകയും ടിയാനെ ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനും ടിയാൻ അടവാക്കിയ EMD തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും പുതിയ വാല്യുവേഷൻ തയ്യാറാക്കുന്നതിന് അസി. എഞ്ചിനീയറോട് നിർദ്ദേശിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു (30.6.22 ലെ 8(2) നമ്പർ തീരുമാനം). ആയതിന്റെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് EMD തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും ലേലതുക ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.8/11.9.2023). ലേലതുക ഈടാക്കേണ്ടതും മണ്ണ് പുനർലേലം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 കരുവന്നൂർ പുഴയിലെ മണൽ നീക്കം (Desiltation) സംബന്ധിച്ച ലേല വിവരങ്ങൾ അറിയിക്കേണ്ടതാണ്

കരുവന്നൂർ പുഴയിലെ ഡെസിൽറ്റേഷൻ പ്രവൃത്തി സംബന്ധിച്ച് പുഴയിലെ ചെളിയും പ്രളയാവശിഷ്ടങ്ങളും നീക്കം ചെയ്ത് മണ്ണ് വിറ്റൊഴിക്കുന്നതിന് വേണ്ടി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ ആയ തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നം. DCTSR/1982/2022/H3 അനുസരിച്ചും തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശമനുസരിച്ചും വെള്ളാനി സ്കൂളിനടുത്തുള്ള ശ്രീ. മണിലാലിന്റെ സ്ഥലത്ത് നിക്ഷേപിച്ചിട്ടുള്ള 1801 എം$^3$ Coarse Sand To Fine Sand Silt, Clay എന്നിവ കലർന്ന മിശ്രിതം 9.8.2023 ന് ലേലം വച്ചിരുന്നു എങ്കിലും നടന്നിട്ടില്ല.

കൂടാതെ, 12-ാം വാർഡിലെ ശ്രീ. മേനോത്ത് നാരായണൻ മകൻ വിശ്വനാഥൻ എന്നവരുടെ 1398/2-4 സർവ്വേ നമ്പർ ഉൾപ്പെട്ട 35 സെന്റ് സ്ഥലത്ത് നിക്ഷേപിച്ചിട്ടുള്ള മണ്ണിന്റെയും ലേല വിവരങ്ങൾ (കമ്മിറ്റി തീരുമാനം നം.1/6.6.2022), മണ്ണിന്റ അളവ് രേഖപ്പെടുത്തിയിട്ടില്ല) അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.9/11.9.2023).

## 1-15 വൈദ്യുതിചാർജ്ജ് കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഇലക്ട്രിക്കൽ സെക്ഷൻ കരുവന്നൂരിന്റെ കീഴിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ (കൺസ്യൂമർ നം.1156402016957) കുടിശ്ശിക 1,07,880/- രൂപയും അതിന്റെ സർചാർജ്ജ് 427/- രൂപയും അടവാക്കണമെന്ന് 17.2.2022 തീയതിയിലെ ബിബി/ഇഎസ്/കെവിആർ/ആർഎഒ-ഓഡിറ്റ് 2018-19/12 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാറളം പഞ്ചായത്ത് കൃത്യമായിത്തന്നെ കെ.എസ്.ഇ.ബി-യുടെ ഡിമാന്റ് നോട്ടീസ് പ്രകാരം എല്ലാമാസവും ടി കൺസ്യൂർ നമ്പറിൽ സ്ട്രീറ്റ് ലൈറ്റിന്റെ ചാർജ്ജ്സ് അടവാക്കുന്നുണ്ടെന്നും കുടിശ്ശിക 11/2011 മുതൽ 31.8.2017 വരെയുള്ള കാലയളവിലേതാകയാൽ സർക്കാരിൽനിന്നും അനുമതി വാങ്ങി അടവാക്കുന്നതിനും തീരുമാനിച്ച കാണുന്നു (13.6.2022 ലെ 16/1 നം.തീരുമാനം). എന്നാൽ തക അടവാക്കാത്തതിനാൽ കെ.എസ്.ഇ.ബി-യുടെ 13.1.2023 ലെ ബിബി/ഇഎസ് /കെവിആർ/ആർഎഒ-ഓഡിറ്റ് 2017-18/2022-23 റിമൈൻഡർ നോട്ടീസ് പ്രകാരം 1,08,307/- രൂപയുടെ 13.1.2023 വരെയുള്ള സർചാർജ്ജ് തുക 72,418/- രൂപയും കൂടി അടവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം.17/12.9.2023).

## 1-16 സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർചാർജ്ജ് കൂടുതൽ അടവാക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ 10.4.23, 11.4.23, 12.4.23 എന്നീ തീയതികളിൽ നടത്തിയ സംയുക്തപരിശോധനയിൽ നിലവിലെ ടാപ്പുകളുടെ എണ്ണം 112 ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, ഇരിങ്ങാലക്കുടയുടെ 10.5.23 തീയതിയിലെ സംയുക്തപരിശോധനാ റിപ്പോർട്ട് പ്രകാരം, ബില്ലിംഗിനു വിധേയമാക്കേണ്ട ആകെ ടാപ്പുകളുടെ എണ്ണം 109 മാത്രമാണെന്നും റിപ്പോർട്ട് ചെയ്യുകാണുന്നു.

എന്നാൽ 2022-23 വർഷത്തെ വാട്ടർ അതോറിറ്റി ബില്ലുകൾ പരിശോധിച്ചതിൽ 4/22 മുതൽ 1/23 വരെ 253 ടാപ്പുകൾക്കും 2/23 മുതൽ 3/23 വരെ 138 ടാപ്പുകൾക്കും തുക അടവാക്കിയിട്ടുണ്ട്. അതിനാൽ തുക അധികമായി അടവാക്കിയിട്ടുണ്ടെങ്കിൽ ഇനി വരുന്ന ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്. തുക അടവാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | ബിൽ നം./ തീയതി | തുക | ടാപ്പുകളുടെ എണ്ണം |
|---|---|---|---|
| 22200172/- | 62460/13.04.2022 | 116232/- | 253 @ 5788 |
| 22200168/30.05.2022 | | 4/22, 5/22 മാസങ്ങളിൽ കുറവ് വന്ന തുക 11596/- | |
| 22200243/25.06.2022 | 6435/13.06.2022 | 122030/- | ” |
| 22200332/15.07.2022 | 65080/08.07.2022 | 122030/- | ” |
| 22200430/16.08.20222 | 65795/06.08.2022 | 122030/- | ” |
| 22200554/22.09.2022 | 66895/13.09.2022 | 122030/- | ” |
| 22200630/14.10.2022 | 67885/12.10.2022 | 122030/- | ” |
| 22200755/13.012.2022 | 68713/09.11.2022 | 122030/- | ” |
| 22200781/16.12.2022 | - | 122030/- | ” |
| 22200923/30.01.2023 | - | 122030/- | ” |
| 22201018/24.02.2023 | 71344/10.02.2023 | 167429/- | 138 @14559 |
| 22201140/24.03.2023 | - | 167429/- | ” |

1-17 സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പദ്ധതി നം : 9/23-പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം അമൃതം ജീവാമൃതം

അടങ്കൽ തുക : 959714 (780656 (വികസനഫണ്ട് ജനറൽ) + 179058 (മറ്റ് ജില്ലാപഞ്ചായത്ത്))

ചെലവ് തുക : 845353 (666295 (വികസനഫണ്ട് ജനറൽ) + 179058 (മറ്റ് ജില്ലാപഞ്ചായത്ത്))

വൗച്ചർ നം./തീയതി : 42201064/17.5.2022, തുക : 41770/-

മേൽ വൗച്ചർ പ്രകാരം 41770 രൂപ പിൻവലിച്ചതിൽ 30230 രൂപ പാലിയേറ്റീവ് നേഴ്സ് ഷീജ സി. കെ എന്നവർക്ക് നൽകിയിട്ടുണ്ട്. ആയതിൽ മാർച്ച് 2021 മുതൽ ഫെബ്രുവരി 2022 വരെയുള്ള മാസങ്ങളിലെ കോവിഡ് ഇൻസെന്റീവ് ആയ 12000 രൂപയും ഉൾപ്പെടുന്നു. സ.ഉ.(സാ.ധാ)നം.634/2022/LSGD, തീയതി 15.3.2022 പ്രകാരം കോവിഡ് ഇൻസെന്റീവ് തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഫയൽ പരിശോധനയിൽ പ്രസ്തുത തുക വികസനഫണ്ട് ജനറലിൽ നിന്നും ചെലവഴിച്ചതായി കണ്ടു. അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ടി അപാകത അറിവില്ലായ്മമൂലം സംഭവിച്ചതാണെന്നും പ്രസ്തുത തുക വികസനഫണ്ടിലേക്ക് (ജനറൽ) തിരികെ അടവാക്കി രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. 12000 രൂപ വികസനഫണ്ടിലേക്ക് അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 15 /12.9.2023).

## 1-18 മത്സ്യതൊഴിലാളികൾക്ക് വല ലഭ്യമാക്കൽ-രേഖകൾ ഹാജരാക്കേണ്ടതാണ്

1-18-1. പ്രോജക്ട് നം. 148/23

പ്രോജക്ടിന്റെ പേര് - പച്ചക്കട പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധനവല വാങ്ങുന്നതിന് സബ്സിഡി നൽകൽ (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ –ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക – 40,000/- (വികസനഫണ്ട് ജനറൽ-30,000/-, ഗുണഭോക്തൃ വിഹിതം -10,000/- (പഞ്ചായത്തിൽ അടക്കുന്നത്))

വൗച്ചർ നം. ; 22201199/31.3.23 : 10,000/- രൂപ

ബിൽ നം. 366/28.3.2023 ; 30,000/- രൂപ
ആകെ ചെലവ് : 40,000/- രൂപ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മത്സ്യബന്ധനവല വാങ്ങുന്നതിന് ജനറൽ വിഭാഗത്തിൽപ്പെട്ട താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് 10,000/- രൂപ (7,500+2,500 (ഗുണഭോക്തൃ വിഹിതം)) വീതം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്(കൈ)നം.115/2022/ത.സ്വ.ഭ.വ തീ. 28.5.2022 ഖണ്ഡിക 6.4(ബി)2 പ്രകാരവും പഞ്ചായത്ത് നിശ്ചയിച്ചപ്രകാരവും സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും ലൈസൻസും ഉള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമകളും ആയിരിക്കണം
2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.
3. നാല് വർഷത്തിലൊരിക്കൽ മാത്രം ആനുകൂല്യത്തിനർഹത.
4. ഭിന്നശേഷിക്കാരുള്ള കുടുംബം ആയിരിക്കണം.

എന്നാൽ ജനറൽ വിഭാഗത്തിലെ താഴെ പേർ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ സ്വന്തമായി വള്ളം ഉണ്ടെന്നുള്ളതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ലൈസൻസ് നം. | റിമാർക്സ് |
|---|---|---|---|
| 1. | റെന്നി, കീറ്റിക്കൽ ഹൗസ്, ചെമ്മണ്ട | ടി.സി.ആർ/ആർഎൽ-118/2023 | വള്ളത്തിന്റെ ഉടമകളാണെന്നുള്ള സാക്ഷ്യപത്രം ഇല്ല |

| | | | |
|---|---|---|---|
| 2. | യോഹന്നാൻ, കീറ്റിക്കൽ ഹൗസ്, കാറളം | ടി.സി.ആർ/ആർഎൽ-120/2023 | ,, |
| 3. | ബിജു, കട്ടിലത്ത് ഹൗസ്, താണിശ്ശേരി | ടി.സി.ആർ/ആർഎൽ-18/2023 | ,, |
| 4. | ഉല്ലാസ് കെ. എ, കൊല്ലയിൽ ഹൗസ്, വെള്ളാനി | ടി.സി.ആർ/ആർഎൽ-131/2022 | ,, |

വള്ളത്തിന്റെ ഉടമകളാണെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.3/11.9.2023). സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18-2. പ്രോജക്റ്റ് നം.154/23

പ്രോജക്ടിന്റെ പേര് - പച്ചക്കട പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധനവല വാങ്ങുന്നതിന് സബ്സിഡി നൽകൽ (എസ്.സി)

അടങ്കൽ തുക – 2,10,000/- (എസ്.സി.പി- 1,57,500/-, ഗുണഭോക്തൃ വിഹിതം -52,500/- (പഞ്ചായത്തിൽ അടച്ചത്))

വൗച്ചർ നം. 22201200/31.3.23 ; 52,500/- രൂപ
ബിൽ നം.27/25.5.2023 – 157,500/- (2023-24)
ആകെ ചെലവ് : 2,10,000/-

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 പ്രകാരം സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.
1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമയുമായിരിക്കണം.
2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.15 (3)(iii) പ്രകാരം മത്സ്യ മേഖലയിലെ ഉല്പാദന പ്രൊജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 5 ലക്ഷം രൂപ ആയിരിക്കും. ഖണ്ഡിക 2.16 പ്രകാരം 10000 രൂപ വരെയുള്ള ധനസഹായങ്ങൾക്ക് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന സാക്ഷ്യപത്രം, രണ്ട് വർഷത്തിനുള്ളിൽ മറ്റേതെങ്കിലും ആവശ്യത്തിന് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ മതിയാകും.
എന്നാൽ എസ്.സി വിഭാഗത്തിലെ താഴെ പേർ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ മേൽ ഉത്തരവിലെ മാനദണ്ഡപ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ലൈസൻസ് നം. | റിമാർക്സ് |
|---|---|---|---|
| 1. | സുനിൽ എം. കെ, മങ്ങാടി ഹൗസ് കാറളം | ടി.സി.ആർ/ആർഎൽ-117/2023 | വള്ളത്തിന്റെ ഉടമകളാണെന്നുള്ള സാക്ഷ്യപത്രം ഇല്ല. |
| 2. | ബിനു ടി. ടി, തേറാട്ടിൽ ഹൗസ്, പൊറത്തിശ്ശേരി | - | ,,<br>ലൈസൻസ് ഇല്ല. |

| | | | |
|---|---|---|---|
| 3. | ലക്ഷ്മണൻ കെ. കെ, കാര്യാടൻവീട് കാറളം | - | സ്വന്തമായി വള്ളം ഇല്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല, ലൈസൻസ് ഇല്ല. |
| 4 | ലെജീഷ്, തേറാട്ടിൽ വീട്, കാറളം | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |
| 5. | സജീവൻ കെ. സി, കാര്യാടൻവീട് കാറളം | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |
| 6. | ബിജു പി. കെ, പൊന്നാരി വീട് വെള്ളാനി | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |
| 7. | മുരളീധരൻ, മങ്ങാടി വീട്, കാറളം | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |
| 8. | അശോകൻ കെ. ആർ, കൊല്ലയിൽ ഹൗസ്, കാറളം | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |
| 9. | ഷാജി കെ. ബി, കൊല്ലയിൽ ഹൗസ് നന്തി | ടി.സി.ആർ/ആർവി-223/2019 | ലൈസൻസ് 20.2.2020 മുതൽ 20.2.2020 വരെ എന്ന് രേഖപ്പെടുത്തിയരിക്കുന്നു. |
| 10. | ഭരതൻ പി. കെ, പൊന്നാരി വീട് കാറളം | ടി.സി.ആർ/ആർഎൽ-266/2022 | സ്വന്തമായി വള്ളം ഇല്ല. |
| 11. | സുഭാഷ് കെ. കെ, കാര്യാടൻവീട് വെള്ളാനി | ടി.സി.ആർ/ആർഎൽ-200/2023 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല. |
| 12. | സൂരജ് കെ. കെ, കാര്യാടൻവീട് വെള്ളാനി | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല |
| 13. | ഷാജു കെ. എസ് കൊല്ലയിൽ ഹൗസ് വെള്ളാനി | ടി.സി.ആർ/ആർഎൽ-267/2022 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല. സ്വന്തമായി വള്ളം ഇല്ല. |
| 14. | ഷിബു പി. കെ, പൊന്നാരി വീട് കാറളം | ടി.സി.ആർ/ആർഎൽ-133/2022 | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല. |
| 15. | സുബ്രമണ്യൻ കെ. പി കഴക്കേപ്പാട് വീട്, കിഴുത്താണി | - | സ്വന്തമായി വള്ളം ഇല്ല. ലൈസൻസ് ഇല്ല. |

| | | | |
|---|---|---|---|
| 16. | പ്രേമൻ പി. എസ് പള്ളിപ്പുറം ഹൗസ് കാറളം | ടി.സി.ആർ/ആർഎൽ-269/2022 | സ്വന്തമായി വള്ളം ഇല്ല |
| 17 | ശിവരാമൻ സി. എസ്, ചെമ്മാപ്പുള്ളി ഹൗസ്, വെള്ളാനി | ടി.സി.ആർ/ആർഎൽ-242/2022 | സ്വന്തമായി വള്ളം ഇല്ല |

സ്വന്തമായി വള്ളം ഇല്ലാത്തവർ മറ്റുള്ളവരുടെ വള്ളങ്ങളിൽ പോകുന്നുണ്ടെന്നും മത്സ്യബോർഡ് അംഗത്വം എടുക്കുന്നതിനും പുതുക്കുന്നതിനും മത്സ്യതൊഴിലാളികളെകൊണ്ട് ആഗസ്റ്റ് മാസത്തിൽ പണം അടപ്പിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത് (ഓഡിറ്റ് അന്വേഷണം നം.13/12.9.23). രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നതുവരെ തൻവർഷം നടത്തിയ 52500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 മുറ്റത്തൊരു മീൻകുളം-പ്രോജക്ടിലെ അപാകങ്ങൾ

പ്രോജക്ട് നം. – S0060/23

പ്രോജക്ടിന്റെ പേര് - മുറ്റത്തൊരു മീൻകുളം

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക –₹ 60,000/- (വികസനഫണ്ട് (പൊതുവിഭാഗം)24,000/-, മറ്റുള്ളവ 36,000/-)

ബിൽ നം. 323/23.3.2023 – ₹24,000/-

½ സെന്റ് കുളം 3 ഗുണഭോക്താക്കൾക്ക് എന്നതാണ് പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം. അതനുസരിച്ച് 3 ഗുണഭോക്താക്കൾക്ക് 8000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്.

പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള പ്രകാരവും സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 പ്രകാരവുമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 1/2 സെന്റ് കുളമുള്ള ഗുണഭോക്താവായിരിക്കണം.
2. കാറളം പഞ്ചായത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.
3. 75 സെ.മീ ആഴമുള്ള കുളമുണ്ടായിരിക്കണം.

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.15 (3)(iii) പ്രകാരം മത്സ്യ മേഖലയിലെ ഉല്പാദന പ്രൊജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 5 ലക്ഷം രൂപ ആയിരിക്കും. ഖണ്ഡിക 2.16 പ്രകാരം 10000 രൂപ വരെയുള്ള ധനസഹായങ്ങൾക്ക് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന സാക്ഷ്യപത്രം, രണ്ട് വർഷത്തിനുള്ളിൽ മറ്റേതെങ്കിലും ആവശ്യത്തിന് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ മതിയാകും.

എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1. | തോമസ് കെ. കെ, കീറ്റിക്കൽ ഹൗസ്, | വരുമാനം തെളിയിക്കുന്ന രേഖകൾ ഇല്ല |

| | | |
|---|---|---|
| | ചെമ്മണ്ട | |
| 2. | സജീവ് കെ. എ, കക്കേരി, കാറളം | അപേക്ഷ, കുളം നിർമ്മിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല |

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 2 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക 16,000/-രൂപ (8,000*2) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് അന്വേഷണം നം.11/12.9.2023).

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കി-1,53,764 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ഫണ്ട് |
|---|---|---|---|---|---|
| 116-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 251100608 | 14/12/22 | 384410 | വിശ്വാസ് കമ്പ്യൂട്ടർ എന്ന സ്ഥാപനത്തിൽ നിന്ന് 1606 തീയ്യതി 10-12-22 നമ്പർ ഇൻവോയ്സ് പ്രകാരം 38441 രൂപ നിരക്കിൽ 10 ലാപ് ടോപ്പ് വാങ്ങിയതിന്റെ ചെലവ് | വികസനഫണ്ട്-എസ്.സി.പി |

സർക്കാർ ഉത്തരവ് 115/2022 ത.സ്വ.ഭ.വ തീയ്യതി 28/5/22 ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ എന്നീ കോഴ്സുകൾ ചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നല്കാവുന്നതാണ്. മേൽ പ്രോജക്റ്റ് പ്രകാരം 10 ലാപ്ടോപ്പ് വിതരണം ചെയ്തതിൽ വിദ്യാർത്ഥികൾ ഹാജരാക്കിയ സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രം പ്രകാരം 3 വിദ്യാർത്ഥികൾ ഹയർസെക്കന്ററി തലത്തിലും 1 വിദ്യാർത്ഥി ഹൈസ്കൂൾ തലത്തിലും പഠിക്കുന്നവരാണെന്ന് കാണുന്നു. ഇപ്രകാരം സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നിർവ്വഹണോദ്യോഗസ്ഥൻ ലാപ്ടോപ്പ് നല്കിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | പഠിക്കുന്ന സ്കൂൾ |
|---|---|---|---|
| 1. | ആര്യ ബിജു | VHSE (ORGANIC GOWER COURSE) | വി.എച്ച്.എസ്.എസ്, കാറളം |
| 2. | പവിത്ര വി. പി | XII- ബയോളജി | എസ്.എൻ.എച്ച്.എസ്.എസ്, ഇരിങ്ങാലക്കുട |
| 3. | ഷിബിൻ സന്തോഷ് | IX | വി.എച്ച്.എസ്.എസ്, പറപ്പൂക്കര |
| 4. | അഭിനാഥ് എ. എസ് | VHSE- ഫീൽഡ് ടെക്നീഷ്യൻ എയർ | വി.എച്ച്.എസ്.എസ്, കാറളം |

| | | | |
|---|---|---|---|
| | | കണ്ടീഷൻ | |

സർക്കാർ ഉത്തരവിൽ പരാമർശിച്ച മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ലാപ് ടോപ്പ് അനുവദിച്ചതിനാൽ 4 പേർക്ക് നല്കിയ ലാപ്ടോപ്പിന്റെ ചെലവ് തുക 1,53,764 രൂപ ((384410/10)x4) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ അപാകത സംബന്ധിച്ച് പരിശോധിച്ച് വിശദമായി മറുപടി ലഭ്യമാക്കാമെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയത്.

(ഓഡിറ്റ് എൻക്വയറി 4/8.9.2023)

## 1-21 കുടുംബശ്രീ ഹെൽപ് ഡെസ്ക്-കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഹെൽപ് ഡെസ്കിന് കൈമാറിയിട്ടില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ശീർഷകം | ഫണ്ട് |
|---|---|---|---|---|---|---|
| 122-കുടുംബശ്രീ ഹെൽപ് ഡെസക് | 42201299 | 14/3/23 | 95444 | കെൽട്രോൺ നല്കിയ ഇൻവോയ്സ് ITP/00993 /23-24,ITP /05827 /23-24 തീ 9/5/23, 9/8/23 പ്രകാരം ഡെസ്ക് ടോപ്പ് (42797 രൂപ), പ്രിന്റർ (52647രൂപ) എന്നിവ സപ്ലൈ ചെയ്തതിന് നല്കിയ തുക | 414220101-Improvement Of The Service Of Local Governments-Computers And Related Equiments | വികസന ഫണ്ട്-പൊതുവിഭാഗം |

മേൽ പ്രകാരം 2022-23 വർഷത്തിൽ ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിന് കെൽട്രോണിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ 5/23, 8/23 മാസങ്ങളിൽ മാത്രമാണ് ലഭിച്ചത്. ഇവ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഡെസ്ക്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടും നാളിതുവരെ കുടുംബശ്രീ ഹെൽപ്പ് ഡെസ്കിന് കൈമാറിയിട്ടില്ല. കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് പ്രവർത്തനക്ഷമമാക്കി മേൽ ഉപകരണങ്ങൾ ഉപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 4 തീയ്യതി, 8/9/23) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 2023-24 ൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-22 കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിലിനായി എൽഇഡി ബൾബ് നിർമ്മാണ യൂണിറ്റ്-നിലവിൽ പ്രവർത്തിക്കുന്നില്ല 269727 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് നം./പേര് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ശീർഷകം | ഫണ്ട് |
|---|---|---|---|---|---|---|
| 28-കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിലിനായി എൽഇഡി ബൾബ് നിർമാണ യൂണീറ്റ് | 42201053 | 27/4/22 | 2300 | ട്രെയിനിങ്ങിന് കൊണ്ട് പോയ വാഹന വാടക | 250140006-Small Scale Industries-Individual Group Enterprises-Electronic And Electrical Industrial Unit | വികസനഫണ്ട്-എസ്.സി.പി |
| | 42201085 | 20/8/22 | 150600 | സെന്റ് ജോർജ്ജ് ഇൻഡസ്ട്രിയിൽ നിന്നും LED ബൾബ് നിർമിക്കുന്നതിനാവശ്യമായ സാമഗ്രികൾ വാങ്ങിയതിന്റെ ചെലവ് | | |
| | 42201096 | 17/9/22 | 95375 | Artco യിൽ നിന്നും 2 വീതം ടേബിൾ, ലോക്കർ, 6 ടേബിൾ എന്നിവ വാങ്ങിയതിന്റെ ചെലവ് | | |
| ആകെ | | | 248275 | | | |
| 119- എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണീറ്റിലേയ്ക്ക് ആവശ്യമായ ഫർണിച്ചറും അനുബന്ധ സാമഗ്രികളും വാങ്ങി നല്കൽ | 42201137 | 6/12/22 | 21452 | Artco യിൽ നിന്നും 10 സ്റ്റൂളുകൾ വാങ്ങിയതിന്റെ ചെലവ് | | |
| ആകെ | | | 269727 | | | |

വികസനഫണ്ട് (എസ്.സി.പി) വിഹിതം ഉപയോഗിച്ച് എൽ.ഇ.ഡി നിർമാണ യൂണിറ്റിലേയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, എൽ.ഇ.ഡി നിർമാണത്തിനാവശ്യമായ സാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി തൻവർഷം 269727 രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ട്രെയിനിംഗിനായി 50000 രൂപയും ചെലവഴിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച 9 കുടുംബശ്രീ അംഗങ്ങളെ ചേർത്ത് ഒരു യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിന് ഭരണസമിതി 18/2/22 ൽ 1(1) നമ്പർ പ്രകാരം തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് സൂര്യപ്രഭ എൽ.ഇ.ഡി യൂണിറ്റ് എന്ന പേരിൽ സ്ഥാപനത്തിന് GST രജിസ്റ്റ്രേഷൻ എടുത്തിട്ടുണ്ട് (ജി.എസ്.ടി നമ്പർ 32ABZAS6195B1Z0). പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ഗ്രൂപ്പംഗങ്ങൾക്ക് സൗജന്യമായി ട്രെയിനിംഗ് നല്കുകയും സാധനങ്ങൾ വാങ്ങി നല്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് വാടക ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതും. സർക്കാർ ഉത്തരവ് (കൈ) 115/ത.സ്വ.ഭ.വ തീയ്യതി 28/05/22 ഖണ്ഡിക 6.5(എ) പ്രകാരമുള്ള പട്ടികയിൽ ക്രമനമ്പർ 4 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 75% (പരമാവധി 3,75,000 രൂപ) ആകുന്നു. എന്നാൽ സംരംഭം ആരംഭിക്കുന്നതിനുള്ള ആകെ ചെലവ് കണക്കാക്കാതെ 100 % സബ്സിഡി (മൂലധനം, ട്രെയിനിംഗ്, അടിസ്ഥാന സൗകര്യം, അസംസ്കൃത വസ്തുക്കൾ എന്നിവ പഞ്ചായത്ത് വാങ്ങി നല്കുന്നത് ഉൾപ്പെടെ) യൂണീറ്റിന് നല്കിയിട്ടുണ്ട്. സംരംഭം ആരംഭിക്കുന്നതിന് ഗ്രൂപ്പ് തുക മുടക്കിയിട്ടില്ലാത്തതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 100% സബ്സിഡി അനുവദിച്ചത് ശരിയല്ല. സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ മൂലധനം കണക്കാക്കി അർഹമായ സബ്സിഡി 75% നിരക്കിൽ കണക്കാക്കി കൂടുതലായി അനുവദിച്ച തുക യൂണീറ്റിൽ നിന്നും ഈടാക്കി വികസനഫണ്ടിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്. (നിലവിൽ സ്ഥാപനം ആരംഭിക്കുന്നതു സംബന്ധിച്ച്

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ മൂലധന ആവശ്യകത കണക്കാക്കുയോ ചെയ്തിട്ടില്ല. സ്ഥാപനം തുടങ്ങുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യമായ തുകകൾ പഞ്ചായത്ത് ചെലവഴിക്കുകയാണ് ചെയ്യുന്നത്).

2. ഈ യൂണിറ്റ് ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച ഒരു സ്ഥാപനം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. യൂണിറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നല്കുക എന്നതിൽ കവിഞ്ഞ് ഗ്രാമപഞ്ചായത്ത് തികച്ചും സൗജന്യമായി സാധനങ്ങൾ വാങ്ങി നല്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിലെ മാനദണ്ഡങ്ങൾ പ്രകാരം ഫർണിച്ചർ വാങ്ങി നല്കി. ആയത് ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ആസ്തിയായി രേഖപ്പെടുത്താതെ ചെലവായി എഴുതിതള്ളിയിരിക്കുന്നു. അതിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യൂണിറ്റിന് കൈമാറിയോയെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളായ ഗ്രൂപ്പംഗങ്ങൾ ഗുണഭോക്തൃവിഹിതം ആയി മൂലധനം എടുക്കുകയോ സംരംഭം ആരംഭിക്കുന്നതിനോ അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനോ മുൻകൈ എടുക്കുന്നില്ല. യൂണീറ്റിലെ ജീവനക്കാർ എന്ന രീതിയിൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് നേരിട്ട് സാധനങ്ങൾ വാങ്ങി നല്കുമ്പോൾ (അസംസ്കൃത വസ്തുക്കൾ, ഫർണിച്ചർ) പഞ്ചായത്ത് രാജ് നിയമം, പഞ്ചായത്തിന് ബാധകമായ സ്റ്റോർ പർച്ചേസ് നിബന്ധനകൾ എന്നിവ പാലിക്കേണ്ടി വരുന്നു. സബ്സിഡി നല്കി സംരംഭത്തിന് പ്രോത്സാഹനം നല്കുന്നതിന് പകരം ഇപ്രകാരം സംരംഭത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്നത് ശരിയല്ല.

3. ഗ്രാമപഞ്ചായത്ത് കുടുംബശ്രീ യൂണിറ്റുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം വാടക രഹിതമായി നല്കുകയും അസംസ്കൃത വസ്തുക്കൾ വാങ്ങി നല്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ യൂണിറ്റിന്റെ തുടർപ്രവർത്തനം, സ്ഥാപനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള അംഗങ്ങളുടെ ബാധ്യത, ഗ്രാമപഞ്ചായത്തിനോടുള്ള ബാധ്യത എന്നിവ സംബന്ധിച്ച് യൂണിറ്റുമായി ബന്ധപ്പെട്ട് കരാറിലേർപ്പെടേണ്ടതാണ്. യൂണിറ്റുമായി കരാറിലേർപ്പെടുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട് (നമ്പർ 4 തീയ്യതി 8/9/23).

4. സംരംഭവുമായി കരാറിലേർപ്പെട്ട് സബ്സിഡി അനുവദിച്ച് പ്രവർത്തനം ആ സ്ഥാപനത്തിന് വിട്ടു കൊടുക്കാതെ ഗ്രാമപഞ്ചായത്ത് സൂര്യപ്രഭ യൂണിറ്റിന് വേണ്ടി അസംസ്കൃത സാധനങ്ങൾ പ്രോജക്ട് രൂപീകരിച്ച് വാങ്ങി നല്കി. എൽ.ഇ.ഡി നിർമ്മാണത്തിനുള്ള സാമഗ്രികൾ ഗ്രാമപഞ്ചായത്ത് ടെണ്ടർ മുഖേനയാണ് വാങ്ങിയത്. എന്നാൽ ടെണ്ടർ നോട്ടീസിലോ ഷെഡ്യൂളിലോ ഉൾപ്പെടാത്തതും ടെണ്ടർ സമർപ്പിച്ചവർ ക്വാട്ട് ചെയ്യാത്തതുമായ ഇനങ്ങൾ കൂടി സപ്ലൈ ഓർഡർ നല്കി ടെണ്ടർ ലഭിച്ച സപ്ലൈയറിൽ നിന്നും വാങ്ങിയതായി കാണുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| SKD 15W LED BULB HPF AL | 600 | 158.12 | 94872 |
| SKD 20W LED BULB HPF AL | 35 | 221.25 | 7743.75 |
| SOLDERING IRON 30 W | 2 | 450.01 | 900.01 |
| FLUX | 10 | 20.06 | 200.6 |
| ELECTRIC SCREW DRIVER | 3 | 2501.6 | 7504.8 |
| TIKKI PUNCHING TOOL | 2 | 4999.99 | 9999.98 |
| CRIMPING TOOL 12 PIN | 3 | 2501.6 | 7504.8 |

ടെണ്ടർ പ്രക്രിയ പൂർത്തീകരിച്ച ശേഷം 27/6/22 ന് നടത്തിയ പരിശീലന പരിപാടിയിൽ നിന്ന് കൂടുതൽ ഗുണനിലവാരം ഉള്ള സാമഗ്രികളും ടൂളുകളും ഉപയോഗിച്ച് തെരുവുവിളക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സാമഗ്രികളെ കുറിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടറിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങിയതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട് (നമ്പർ 4 തീയ്യതി 8/9/23).

5. ടെണ്ടർ ലഭിച്ച സപ്ലൈയർ ടെണ്ടർ ഷെഡ്യൂൾ പ്രകാരം സമർപ്പിച്ച് ടെണ്ടറിൽ അംഗീകരിച്ചതിനേക്കാൾ കൂടുതൽ നിരക്കിന് ഒരിനം സപ്ലൈ ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | അംഗീകരിച്ച ടെണ്ടർ പ്രകാരം നിരക്ക് | ഇൻവോയ്സ് പ്രകാരം നിരക്ക് (BE/22-23/0081 തീ 25/7/22) | വ്യത്യാസം | കൂടുതലായി നല്കേണ്ടി വന്നത് |
|---|---|---|---|---|---|
| WIRE STRIPPER | 2 | 550 | 750.01 | 200 | 400 |

കരാറിന് വിരുദ്ധമായി കൂടുതൽ നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടുണ്ട് (നമ്പർ 4 തീയ്യതി 8/9/23).

6. ഓഡിറ്റ് വേളയിൽ 12/9/23 തീയ്യതി സ്ഥാപനം നേരിട്ട് സന്ദർശിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ മുന്നിൽ പേര് രേഖപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടില്ല. സ്ഥാപനത്തിന്റെ വാതിലിന് മുമ്പിൽ നിരനിരകളായി മേൽക്കൂരവരെ ഉയരത്തിൽ ഗ്രാമപഞ്ചായത്തിന്റെ MCF ലേയ്ക്ക് ശേഖരിച്ച് മാലിന്യങ്ങൾ ചാക്കുകളിലാക്കി സൂക്ഷിച്ച നിലയിലായതിനാൽ കെട്ടിടത്തിനുള്ളിലേയ്ക്ക് പ്രവേശിക്കാൻ സാധിച്ചില്ല. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല. സ്ഥാപനം ജൂൺ 2023 വരെയുള്ള ജി.എസ്.ടി റിട്ടേൺ 19/7/23 ൽ സമർപ്പിച്ചിട്ടുണ്ട്. ജൂലൈ മാസത്തെ റിട്ടേൺ സമർപ്പിച്ചിട്ടില്ല. അതായത് സ്ഥാപനം പ്രവർത്തന രഹിതമായിട്ട് ഒരു മാസമെങ്കിലും ആയിട്ടുണ്ട്. അതിന്റെ കാരണം വ്യക്തമല്ല.

സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്ഥാപനം ആരംഭിക്കുന്നതുമുതൽ പ്രവർത്തിക്കുന്നതുവരെയുള്ള മുഴുവൻ ചെലവും ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥൻ സ്വന്തം പ്രോജക്ടുകളായി ഏറ്റെടുത്ത് നടത്തി. നിലവിൽ സ്ഥാപനം പ്രവർത്തനരഹിതമായി കാണുന്നു. മൂലധന ആവശ്യകതയുടെയും ഗ്രൂപ്പംഗങ്ങളുടെ താല്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സബ്സിഡി നല്കുന്നതിന് പകരം ഗ്രാമപഞ്ചായത്ത് നേരിട്ട് ആരംഭിച്ച സംരംഭം നിലവിൽ ലക്ഷ്യം നേടാതെ പ്രവർത്തനരഹിതമാണ്. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 269727 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മാലിന്യം കൊണ്ടുപോകുന്നതിനുള്ള വാഹനം വാങ്ങൽ-വാഹനം ഹരിതകർമ്മ സേനയ്ക്ക് കൈമാറിയിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ഫണ്ട് |
|---|---|---|---|---|---|
| 162-മാലിന്യം കൊണ്ടു പോകുന്നതിനുള്ള വാഹനം വാങ്ങൽ | 4220097 | 13-3-2023 | 497000 | ഫ്ലോററ്റ് ടെക്നോളജി, തിരുവനന്തപുരം എന്ന സ്ഥാപനം E-cart For Garbage With Tipping Facility എന്ന ഇനം വാഹനം ഇൻവോയ്സ് | ധനകാര്യ കമ്മീഷൻ അവാർഡ് |

| | | | | | |
|---|---|---|---|---|---|
| | | | | നമ്പർ FT-M080/22-23 തീയ്യതി 10/2/23പ്രകാരം സപ്ലൈ ചെയ്തതിന് നല്കിയ തുക | |

കാറളം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ്-ലേയ്ക്ക് എത്തിയ്ക്കുന്നതിന് ഹരിതകർമ്മസേനയ്ക്ക് വാഹനം GEM മുഖേന വാങ്ങി നല്കുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ച് മേൽ പ്രകാരം വാഹനം വാങ്ങിയിട്ടുള്ളത്. എന്നാൽ വാഹനം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ട് 6 മാസങ്ങൾ പിന്നിട്ടെങ്കിലും ഹരിത കർമ്മസേനയുമായി കരാറിലേർപ്പെടുകയോ വാഹനം ഹരിതകർമ്മസേനയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല. വാഹനം നിലവിൽ താത്കാലിക ഡ്രൈവറെ നിയോഗിച്ച് ഉപയോഗിക്കുന്നുണ്ടെന്നും ഹരിതകർമ്മ സേനാംഗങ്ങൾ ഡ്രൈവിംഗ് പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാർ വെച്ച് വാഹനം കൈമാറുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 18 തീയ്യതി 12/9/23) മറുപടി നല്കിയിട്ടുണ്ട്. വാഹനം കൈമാറുന്നതിനും പൂർണമായും ഉപയുക്തമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-24 കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ-കരാർ കാലാവധിയായ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-8,60,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ശീർഷകം | ഫണ്ട് |
|---|---|---|---|---|---|---|
| 131-കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ | 42201213 | 30/01/23 | 8,69,000 | പി എച്ച് സി കെട്ടിട സമുച്ചയത്തിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, കരാർ ഇൻവോയ്സ് എന്നിവ പ്രകാരം ANERT ജില്ലാ എഞ്ചിനീയർക്ക് നല്കിയ തുക | 413150201-Solar Power Generation-Establishment Of Plant | മെയിന്റനൻസ്-റോഡിതരം |

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ പി.എച്ച്.സി കെട്ടിട സമുച്ചയത്തിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ANERT ന് 30/1/23 ന് തുക കൈമാറുകയും 24/1/23 തീയ്യതിയിൽ കരാറിലേർപ്പെടുകയും ചെയ്തു. കരാറിലെ 4, 13 എന്നീ വ്യവസ്ഥകൾ പ്രകാരം തുക ANERT ന് തുക കൈമാറി 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ച് 15 ദിവസങ്ങൾക്ക് ശേഷം ഈ പവർപ്ലാന്റ് ഗുണഭോക്താവിന് കൈമാറുന്നതും തുടർന്ന് 1 മാസത്തിനുള്ളിൽ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതുമാണ്. തുക കൈമാറിയിട്ട് 8 മാസം ആയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

I) പ്രവൃത്തി പൂർത്തീകരിക്കുന്നത് വൈകിയാൽ നിർവ്വഹണ ഏജൻസി പിഴ നല്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പ്രവൃത്തി സംബന്ധിച്ച കരാറുകളിൽ പണി പൂർത്തീകരിക്കുന്നത് വൈകിയാലുള്ള പിഴ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

II) ANERT ന് നല്കിയ തുക മുൻകൂർ ആയാണ് നല്കിയതെങ്കിലും സോളാർ പവർപ്ലാന്റ് സ്ഥാപിച്ചുവെന്ന രീതിയിൽ

ആസ്തി ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. മുൻകൂർ ആയി നല്കിയ ഈ തുക അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതും മുൻകൂർ ക്രമീകരിക്കുന്നതും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല ഇപ്രകാരം മുൻകൂർ നല്കിയ തുക ആസ്തിയായി ബുക്ക് ചെയ്തത് മൂലം ബാലൻസ് ഷീറ്റ് തെറ്റായ വിവരം കാണിക്കുന്നു.

പ്രവൃത്തി പൂർത്തീകരിച്ചതായും ഗ്രിഡിലേയ്ക്ക് കണക്ഷൻ നല്കുന്നതിനായി കെ.എസ്.ഇ.ബിയിലേയ്ക്ക് അപേക്ഷ നല്കിയതായും ANERT ജില്ലാ എഞ്ചിനീയർ അറിയിച്ചതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 18 തീയ്യതി 12/9/23 ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 8,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 എസ്.എസ്.കെ-കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ഫണ്ട് |
|---|---|---|---|---|---|
| 44- എസ് എസ് കെ - വിഹിതം അടവാക്കൽ | 42201086 | 27/8/2022 | 200000 | സമഗ്രശിക്ഷ കേരള ബ്ലോക്ക് പ്രോജക്റ്റ് കോർഡിനേറ്റർക്ക് നല്കിയ തുക | വികസനഫണ്ട് - ജനറൽ |
| 90- എസ്.എസ്.കെ (എസ് സി) -വിഹിതം അടവാക്കൽ | 42201087 | 27/8/2022 | 100000 | | വികസനഫണ്ട്-എസ്.സി.പി |

മേൽ പ്രകാരം സമഗ്രശിക്ഷ കേരള ബ്ലോക്ക് പ്രോജക്റ്റ് കോർഡിനേറ്റർക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇവ ലഭ്യമാക്കുന്നതിന് കത്ത് നല്കിയതായി ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ 18 തീയ്യതി 12/9/23) യ്ക്ക് മറുപടി നല്കിയിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ഹോംകോ-മരുന്നിന് മുൻകൂർ-മുഴുവൻ മരുന്ന് ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ)

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ശീർഷകം | ഫണ്ട് |
|---|---|---|---|---|---|---|
| 16-ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 42201109 | 14/10/22 | 200000 | ഹോംകോയിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സ് PF-29 പ്രകാരം നല്കിയത്. | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions | മെയിന്റനൻസ് - നോൺ റോഡ് |

1. ഇതിൽ ഇൻവോയ്സ് നമ്പർ എൽ.എഫ് -492 തീ 10/7/23 പ്രകാരം 105651 രൂപയുടെ മരുന്ന് സപ്ലൈ ചെയ്തിട്ടുള്ളതാണ്. ബാക്കി 94349 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. മരുന്ന് വാങ്ങുന്നതിനുള്ള തുക സ്ഥാപനത്തിന് മുൻകൂർ ആയി നല്കിയതാണെങ്കിലും മരുന്ന് ലഭ്യമായതായാണ് വാർഷികകണക്കിലെ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുക അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. നാളിതുവരെ പൂർണ്ണമായും മരുന്ന് ലഭ്യമായിട്ടില്ലാത്തതാണ്. വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയതിനാലും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നത് സാധിക്കുന്നതല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം അറിയിക്കാത്തതാണ് മേൽ പ്രകാരം കണക്കിൽ തെറ്റായി ബുക്ക് ചെയ്യപ്പെടുന്നതിന് കാരണം.

ക്രമ നം. 1 ന് നിർവ്വഹണോദ്യോഗസ്ഥനും 2 ന് പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 5 തീയ്യതി 8/9/23, മറുപടി ലഭ്യമാക്കിയില്ല).

## 1-27 കൃഷിഭവനിലേക്ക് വാങ്ങിയ ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ പ്രവർത്തനയോഗ്യമാക്കിയിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
|---|---|
| പ്രോജക്റ്റ് നം./പേര് | 168/23 കൃഷിഭവനിലേക്ക് 2021-22 വർഷത്തിൽ വാങ്ങിയ കമ്പ്യൂട്ടറിന്റെ ബാക്കി തുക നൽകൽ |
| അടങ്കൽ | 14090 വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 14040 |
| ബിൽ നം./വൗച്ചർ നം./ചെക്ക് നം./തിയ്യതി, തുക | 42201197, 20.01.23 |
| ഓഡിറ്റ് എൻക്വയറി നം./തിയ്യതി | 19/13.09.23 |

കൃഷിഭവനിലേക്ക് ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് 2021-22 വർഷത്തിൽ 39797 രൂപ മുൻകൂർ നൽകിയിരുന്നു (പ്രോജക്റ്റ് നം : 118/ 22,കൃഷിഭവനിലേക്ക് ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ). 2022-23 വർഷത്തിലെ മേൽ പ്രോജക്റ്റിന്റെ (168/23) ഭാഗമായി ബാക്കി തുകയായ 14040 രൂപ നൽകിയപ്പോൾ 1.4.23 ൽ കമ്പ്യൂട്ടർ ലഭിച്ചു (ഇൻവോയ്സ് നമ്പർ ITP/19009/22-23, തിയ്യതി: 31.03.23). പ്രൊഫോർമ ഇൻവോയ്സിലാണ് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പറും തിയ്യതിയും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 19.4.23 തിയ്യതിയിൽ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടർ UPS ഇല്ലാത്തതിനാൽ നാളിതുവരെയും ഉപയോഗിച്ചിട്ടില്ല. ആയത് പ്രവർത്തന യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-28 കെ.എം.എസ്.സി.എൽ ന് തുക കൈമാറി-മരുന്നുകൾ പൂർണമായും ലഭ്യമായില്ല

1) പദ്ധതി നം : 20/23-കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

വൗച്ചർ നം./തീയതി : 42201075/19.7.2022, തുക : 61506/-

പ്രൊഫോർമ ഇൻവോയ്സ് നം./തീയതി : PRF500/29.6.2022

മേൽ പദ്ധതിയിൽ 61506 രൂപ KMSCL ന് കൈമാറിയതിൽ 50764 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 10742 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതി നം : 19/23-പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം അമൃതം ജീവാമൃതം

ടി പദ്ധതിയിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള തുകകൾ KMSCL ന് കൈമാറിയിട്ടുണ്ട് എന്നാൽ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | പ്രൊഫോർമ ഇൻവോയ്സ് നം. /തീയതി | തുക | മരുന്ന് ലഭ്യമായ തുക | ബാക്കി തുക |
|---|---|---|---|---|---|
| 1 | 42201074/19.7.2022 | PRF556/1.7.2022 | 134315 | 123859 | 10456 |
| 2 | 42201150/16.12.2022 | PRF2190/11.11.2022 | 82019 | 80756 | 1263 |
| 3 | 42201191/17.1.2023 | PRF3444/7.1.2023 | 90780 | 70495 | 20285 |

ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ : 15/12.9.2023).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ചതിൽ ചെലവഴിക്കാൻ ബാക്കി തുക ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| അനർട്ട് | പ്രോജക്ട് നം.131-കുടുംബാരോഗ്യ കേന്ദ്രത്തിൽ സോളാർ സ്ഥാപിക്കൽ | 42201213/ 30.1.2023 | 869000 | 869000 | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു | യു.സി ലഭ്യമായിട്ടില്ല |
| വാട്ടർ അതോറിറ്റി | പ്രോജക്ട് നം.135-പൊതുടാപ്പുകളുടെ ഡിസ്മാന്റലിംഗ് ചാർജ്ജ് അടവാക്കൽ | 2200599/ 3.10.2022 | 190000 | 190000 | പൂർത്തീകരിച്ചു | യു.സി ലഭ്യമായിട്ടില്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിരനിക്ഷേപം

| | | | |
|---|---|---|---|
| 1. | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 56,64,594 | |
| 2. | ത്ൻവർഷം നിക്ഷേപിച്ച തുക | 3,10,078 | |
| 3. | ആകെ | 59,74,672 | |
| 4. | തന്നാണ്ടിൽ പിൻവലിച്ച തുക | 6,29,174 | |
| 5. | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 53,45,498 | |
| 6. | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം<br>FD No.38275930281<br>FD No. 17190300042066 | നിക്ഷേപത്തിന്റെ വിവരം | |
| | | SBI-<br>ഫെഡറൽ ബാങ്ക് | 30,00,000<br>23,45,498 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ ഹഡ്കോ വായ്പ | LF 511 /2018/2.1.2019 | 9130526 | 6945467 | 1264857 | 5680610 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥൻ | രശീതി നം. |
|---|---|---|---|---|
| 2020-21 | 1(43) | 3,343 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102124 |
| 2020-21 | 1(43) | 4,476 | „ | 1220102125 |
| 2020-21 | 1(43) | 24,041 | „ | 1220102198 |
| ആകെ | | 31,860 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10473801 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30004247* |

| | |
|---|---|
| ആകെ | 40478048 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28397501* |
| നീക്കിയിരിപ്പ് | 12080547 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,91,991 |

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-1<br>1-18-2 | 40,000<br>52,500 | ജിബിന എം. എം,<br>ഫിഷറീസ് ഇൻസ്ട്രക്ടർ |
| 1-19 | 16,000 | ജിബിന എം. എം,<br>ഫിഷറീസ് ഇൻസ്ട്രക്ടർ |
| 1-20 | 1,53,764 | ജെയ്സൺ പി.എ, അസി. സെക്രട്ടറി |
| 1-22 | 2,69,727 | ജെയ്സൺ പി.എ, അസി. സെക്രട്ടറി |
| 1-24 | 8,60,000 | മധുരാജ് കെ, സെക്രട്ടറി |
| ആകെ | 13,91,991 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിബിന എം. എം, ഫിഷറീസ് ഇൻസ്ട്രക്ടർ | ഫിഷറീസ് ഇൻസ്ട്രക്ടർ മത്സ്യഭവൻ, ചാലക്കുടി | തട്ടാപറമ്പ് വീട്, ഉറവൂർ പി.ഒ, ചേർത്തല-688532 |
| ജെയ്സൺ പി.എ, അസി. സെക്രട്ടറി | അസി. സെക്രട്ടറി, കാറളം ഗ്രാമപഞ്ചായത്ത് | പെരിഞ്ചേരി ഹൗസ്, തലോർ, തൈക്കാട്ടുശ്ശേരി പി.ഒ- 680306 |
| മധുരാജ് കെ, | സെക്രട്ടറി | പുതുമനപ്പള്ളി വീട്, നടവരമ്പ് |

| | | |
|---|---|---|
| സെക്രട്ടറി | കാറളം ഗ്രാമപഞ്ചായത്ത് | പി.ഒ, വേളൂക്കര-680661 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT.8-136(2)/98 Dt.3.6.98 | 3 | 26(എ,ബി), 27(ബി), 33(1,2,3) | SCH |
| 2 | 1997-98 | LFT.8-1366/98 Dt.12.5.1999 | 4 | 27(4,5,6,7), 29,36, 37 | |
| 3 | 1998-99 | LFT.8-202/01 Dt.15.5.01 | 12 | 8,30,31 | ഭരണവകുപ്പ് |
| | | | | 45(എ,ബി),46,47, 48,50,51, 53(3,4),54,55 | SCH |
| 4 | 1999-2000 | LFT.16-1422/01 Dt.24.4.02/2.9.02 | 7 | 24(d,e) തീയതി : 01.08.2023, 52,54,55, | ഭരണവകുപ്പ് |
| | | | | 51,53,56 | CAR |
| 5 | 2000-01 | LFT.16-875/02 Dt.21.10.02/9.4.03 | 2 | 45,46 | CAR |
| 6 | 2001-02 (വരവ്-ചെലവ്) | LFT.16-827/05 Dt.29.12.05/ 2.3.06 | 2 | 2-2, 3-2 | ഭരണവകുപ്പ് |
| 7 | 2001-02 (ജനകീയാസൂത്രണം) | LFT.16-1340/03 Dt.20.2.04 | 1 | 4 | |
| 8 | 2004-05 | LFT.16-1823/07 Dt.22.09.08/4.11.08 | 1 | 3-9 | |
| 9 | 2006-07 | LFT.16-583/10 Dt.24.1.2011 | 2 | 3-4, 3-5 | |
| 10 | 2007-08 | LFT.1199/11 Dt.6.12.11/18.5.12 | 4 | 3-1,3-3,3-4,3-10 | |
| 11 | 2008-09 | LFT.11-1200/11 Dt.6.12.11/18.5.12 | 8 | 3-5,3-7,3-11, 3-12,3-16 | |
| | | | | 3-6 | Case (Vigilance) |

| | | | | | |
|---|---|---|---|---|---|
| | | | | 3-8 | CAR |
| | | | | 3-9 | |
| 12 | 2009-10 & 2010-11 | LFT(P3)-2295/12 Dt.18.3.13/1.7.13 | 10 | 3-3,3-6,3-10, 3-14,3-7,3-16, 3-17,3-18, | |
| | | | | 3-9, 3-20 | CAR |
| 13 | 2011-12 | LFT(P3)-232/13 Dt.17.4.13/1.8.13 | 1 | 3-2-1 | |
| 14 | 2012-13 | LFT(P7)-1700/14 Dt.9.2.15/8.6.15 | 4 | 3-3,3-9,3-11,3-8 | |
| 15 | 2013-14 | KSATSR(P7)-183/16 Dt.19.2.16/10.3.16 | 3 | 3-9,3-18, | |
| | | | | 3-17 | |
| 16 | 2014-15 | KSATSR(P7)-1151/16 Dt.20.7.16 | 3 | 3-1 | |
| | | | | 3-7(എ) | |
| | | | | 3-8 | |
| 17 | 2015-16 | KSATSR(P7)-148/17 Dt.27.1.17 | 10 | 2-5 | CAR |
| | | | | 2-6,3-5,3-6,3-7, 3-12,3-13,3-14, 3-19,3-23 | |
| 18 | 2016-17 | KSATSR(P7)-1718/17 Dt.30.11.17/1.1.18 | 6 | 2-4,3-2(1,2,4), 3-3,3-6,3-8 | |
| | | | | 3-10 | |
| 19 | 2017-18 | KSATSR(P7)-136/19 Dt.17.5.19 | 7 | 2-1,2-2,3-3,3-8, 3-11,3-12,3-13 | |
| 20 | 2018-2019 | KSATSR(P7)-192/20 Dt.30.04.20 | 14 | 1-11,1-13,1-17, 1-18,1-19,1-23, 1-24,1-25 1-26,1-27,1-28, 1-29,1-30,1-32 | |
| 21 | 2019-2020 | KSATSR(P8)-873/21 Dt.02.07.21 | 12 | 1-11,1-12(2,3,4), 1-13, 1-14,1-115, 1-16,1-17,1-19, | 1-23 |

| | | | | | |
|---|---|---|---|---|---|
| | | | | 1-20,1-21,<br>1-22,1-23 | |
| 22 | 2020-2021 | KSATSR(P8)-961/22<br>Dt.03.07.22 | 19 | 1-22,1-23,1-24,<br>1-27,1-29,<br>1-30,1-31,1-32,<br>1-33,1-34,1-35,<br>1-36,1-37,1-38,<br>1-39,1-40,1-45,<br>1-46,1-47 | |
| 23 | 2021-2022 | KSATSR(P8)-313/2023 ,Dtd 01/04/2023 | 25 | 1-10-(1,2,3,4,5,6,7,<br>8,9,10,11,12),<br>1-11,<br>1-12,1-13,1-14,<br>1-15,1-16,1-17,<br>1-18,1-19,<br>1-20,1-21,1-22,<br>1-23,1-24,1-25,1-26<br>1-27,1-28,1-29,<br>1-30,1-31,1-32,<br>1-33,1-34 | |
| | ആകെ | | 160 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Karalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karalam Grama Panchayat for the year 2022-2023

Date: 14/11/2023

Deputy Director
District Office Thrissur
Kerala State Audit Department

## Audit Report appended to the Audit Certificate of Karalam Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Non disclosure of liability with respect to bank balance of account opened for specific purpose

| Sl No | Account Head | Bank Account | Amount |
|---|---|---|---|
| 1 | 450210101 | SBI-10569011160 | 19507/- |

2)Non-Disclosure of Assets-The land of panchayat is not included as Assets in Balance Sheet.

3) Payment Voucher misclassifications which lead to discrepancy in the outcome of
Income & Expenditure statement and also affect the financial status of institution as per Balance Sheet.

The amounts 35000/- and 25000/ - which were spent on purchasing assets were wrongly booked as revenue expenditure.

**2.Other Observations**

a.Comments relating to Income and Expenditure Account

1. Prior period item-Authenticated vouchers or worksheets are not maintained to verify the authenticity of the journal entries in the schedules.

2. Error in the formula for calculating excess of income over expenditure resulted in discrepancy in the value calculated as Gross Surplus/(deficit) of income over expenditure calculated in Income and Expenditure Account.

b. Comments relating to Balance Sheet

1. Grant amount shown as liability in the Balance sheet does not match with bank account opened for the specific grant account

| | Balance sheet schedule B -4 | | | Balance sheet schedule B -17 | | |
|---|---|---|---|---|---|---|
| Sl no | Account Head | Item | Amount | Account Head | Bank account | Amount |
| 1 | 320700104 | Joint Venture (Capital)-Block panchayat | 9495 | 450210201 | JOINT VENTURE OLD-799011400001310 | 0 |
| 2 | 320700105 | Joint Venture (Capital)-District panchayat | 15320 | | | |
| 3. | 320700204 | Joint Venture (Revenue)-Block panchayat | 1195800 | | | |
| 4 | 320700205 | Joint Venture (Revenue)-District panchayat | 447007 | | | |
| 5 | 320900102 | Donations Related to Pandemic/Epidemic Control | 41320 | 450210101 | Disaster Relief Fund-SBI 40183993613 | 40820 |

c.Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

1. "Net increase in cash and cash equivalents does not match with "Net cash generated by Operating+Investing+Financing Activity

e.Comments relating to Ratios

1.The mandatory Financial Statements prescribed in Accounting Rules-Key ratios are not included as part of Annual Financial statement.

f.Comments relating to Notes to accounts

Notes to accounts are not included as part of Annual Financial statement.

g.Comments relating to Receipt Vouchers

Nil

h.Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1. Authentic certified vouchers and worksheets are not maintained for journal vouchers.
2. Without preparing monthly summary statement, journal voucher, work sheet and statutory permission in writing by the Secretary, one-time demand/reduction of demand/write-off/exemptions are given in respect of Property tax and Rent revenue.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Nil

l. Comments relating to Demand, Collection and Balance Register

Nil

m.Comments relating to Asset Register

Asset register is not updated. Asset register is not prepared in such a way that it is possible to verify the existence and value of fixed assets mentioned in the balance sheet.

n. Comments Relating to Inventory and Other Registers

The following demand registers are not periodically reconciled with ledgers

- Profession tax demand register (Employees)
- Profession tax demand register (Institution)
- FACTEOS Licence register
- Rent Demand Register
- Paramedical Institution Register
- Building Permitregister
- Library Register

Deputy Director
District Audit Office, Thrissur

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Karalam Grama Panchayat**
**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -11099273.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 50673113.00 |
| | **Total Reserve & Surplus** | | **39573840.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8902765.00 |
| | **Total Grants, Contributions for Specific Purposes** | | **8902765.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5680610.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **5680610.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 318890.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2077853.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2396743.00** |
| | **TOTAL LIABILITIES** | | **56553958.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1346022.00 |
| 412000000 | Capital Work in Progress | B-11(b) | 578886.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1820815.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 4627551.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 69456436.00 |
| 416000000 | Accumulated Depreciation | B-11(a) | -43079040.00 |
| | **Total Fixed Assets** | | **34750670.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5345498.00 |



Digitally signed by NIDIN
Date: 2023.07.20 12:00:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **5345498.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 26280.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2353509.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12080547.00 |
| 460000000 | Loans, Advances and Deposits | B-18 | 1997454.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **16457790.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **56553958.00** |

# Karalam Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5563333.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 600.00 |
| 140000000 | Fee & User Charges | I-4 | 684469.00 |
| 150000000 | Sale & Hire Charges | I-5 | 203340.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 103643669.00 |
| 170000000 | Income from Investments | I-7 | 310078.00 |
| 171000000 | Interest Earned | I-8 | 117839.00 |
| 180000000 | Other Income | I-9 | 35140.00 |
| 190000000 | Prior Period Income | I-19 | 560631.00 |
| | **Total Income** | | **110558468.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12678921.00 |
| 220000000 | Administrative Expenses | I-11 | 1105439.00 |
| 230000000 | Operations & Maintenance | I-12 | 3140739.00 |
| 240000000 | Interest & Finance Charges | I-13 | 1918.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6244141.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21776054.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8684521.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 9943312.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 43896700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1025950.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by NIDIN
Date: 2023.07.20 12:00:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 6214233.00 |
| | **Total Expenditure** | | **114711928.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4153460.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4710180.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 3911.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **556720.00** |

# Karalam Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10412358.00 |
| Cash | Cash | RP-40(a) | 61443.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1306060.00 |
| 140000000 | Fees & User Charges | RP-4 | 460274.00 |
| 150000000 | Sale & Hire Charges | RP-5 | 188696.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10670000.00 |
| 171000000 | Interest Earned | RP-9 | 117839.00 |
| 190000000 | Prior Period Income | RP-11 | 289388.00 |
| 240000000 | Interest & Finance Charges | RP-15 | 295.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11224162.00 |
| 420000000 | Investments | RP-43 | 629174.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4403485.00 |
| 460000000 | Loans, Advances and Deposits | RP-49 | 88829.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 32580.00 |
| 340000000 | Deposits Received | RP-33 | 40418.00 |
| 350000000 | Other Liabilities | RP-35 | 553047.00 |
| | **Grand total** | | **40478048.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 65180.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1187526.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 22500.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1814751.00 |
| 460000000 | Loans, Advances and Deposits | RP-49 | 1439130.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 3500.00 |
| 350000000 | Other Liabilities | RP-35 | 23864914.00 |



Digitally signed by NIDIN
Date: 2023.07.20 12:01:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 12024087.00 |
| Cash | Cash | RP-40(b) | 56460.00 |
| | **Grand Total** | | **40478048.00** |



Deputy Director
District Audit Office, Thrissur